**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 130** **10-06-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് മർദ്ദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ വാക എന്ന പ്രദേശത്ത് സ്ഥിര താമസക്കാരനായ കുന്നത്തുള്ളി വീട്ടിൽ ശ്രീ. മുരളി എന്ന വ്യക്തിയെ 2024 ജനുവരി 20-ന് വാകയിൽ ക്ഷേത്രോത്സവം നടന്ന ദിവസം പാവറട്ടി പോലീസ് അകാരണമായി മർദ്ദിച്ചു എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ബി) | ഈ പരാതിയിലെ ആരോപണത്തിന്മേൽ പാവറട്ടി പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ്.എച്ച്.ഒ യും ഗുരുവായൂർ അസി. പോലീസ് കമ്മീഷണറും അന്വേഷണം നടത്തിയിട്ടുള്ളതാണ്. അന്വേഷണത്തിൽ പരാതിക്കാരന്റെ ആരോപണം അടിസ്ഥാന രഹിതമാണെന്ന് വെളിവായതിനാൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ